
ബിജിത

# ആകാശത്തോളം സ്വപ്നങ്ങളുമായി സഹോദരിമാർ


ബബിത

കെ സി ലൈജുമോൻ

പഠനവും ജീവിതവും ഒരുപോലെ മുന്നോട്ടു കൊണ്ടുപോകാനാണ് സഹോദരിമാരായ അവർ ഈ വഴി തെരഞ്ഞെടുത്തത്. കാസർകോട് വെസ്റ്റ് എളേരി പഞ്ചായത്തിലെ അടുക്കളക്കുന്ന് കോളനിയിലെ പനംതിട്ട ബാബു-ശാന്തമ്മ ദമ്പതികളുടെ മക്കളായ ബബിത(22)യും ബിജിത(20)യുമാണ് പുരുഷന്മാർ കൈയടക്കിവാണിരുന്ന തെങ്ങുകയറ്റം സ്വായത്തമാക്കി വിജയഗാഥ രചിക്കുന്നത്. തേങ്ങ പറിക്കുന്നതിനും തെങ്ങ് ഒരുക്കുന്നതിനും പുറമെ തെങ്ങുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും കർഷകർക്ക് പറഞ്ഞുകൊടുക്കാനും ഇവർ തയ്യാർ. കംപ്യൂട്ടർ അക്കൗണ്ടിങ്ങും ഡിടിപിയും കൈമുതലായുള്ള ബബിതയും എളേരിത്തട്ട് ഇ കെ നായനാർ സ്മാരക ഗവ. കോളേജിൽ ബിഎ ഹിന്ദി അവസാനവർഷ വിദ്യാർഥിനിയായ അനുജത്തി ബിജിതയും കുടുംബത്തിന്റെ പ്രാരബ്ധങ്ങളെ മറികടക്കാനാണ് 'തെങ്ങ്' എന്ന മാർഗം കണ്ടെത്തിയത്. അച്ഛനും അമ്മയും ജോലിക്ക് പോയി കിട്ടുന്ന തുച്ഛമായ വരുമാനമാണ് കുടുംബത്തിന്റെ നിത്യച്ചെലവുകൾക്കും പഠനാവശ്യങ്ങൾക്കുമുള്ള ആകെയുള്ളത്. കാസർകോട് കേന്ദ്ര നാളികേര ഗവേഷണകേന്ദ്രത്തിൽ തെങ്ങുകയറ്റത്തിൽ പരിശീലനം നൽകുന്നുണ്ടെന്ന പത്രവാർത്ത കണ്ട് അപേക്ഷ നൽകി. തുടക്കത്തിൽ ഈ സാഹസികജോലിക്ക് ഒരു അങ്കലാപ്പ് തോന്നി. ഇതിനിടെ ഒരാഴ്ചത്തെ കഠിനപരിശീലനം. അപ്പോഴേക്കും തെങ്ങിൽ കയറി തേങ്ങയിടാനുള്ള മനഃസാന്നിധ്യം ആവോളം ലഭിച്ചു. അവിടെനിന്നും സൗജന്യമായി ലഭിച്ച യന്ത്രമുപയോഗിച്ചാണ് ഇപ്പോൾ തെങ്ങിൽ കയറുന്നതെന്നും ഈ സഹോദരിമാർ പറയുന്നു.

**കംപ്യൂട്ടർ അക്കൗണ്ടിങ്ങും ഡിടിപിയും കൈമുതലായുള്ള ബബിതയും എളേരിത്തട്ട് ഇ കെ നായനാർ സ്മാരക ഗവ. കോളേജിൽ ബിഎ ഹിന്ദി അവസാനവർഷ വിദ്യാർഥിനിയായ അനുജത്തി ബിജിതയും കുടുംബപ്രാരാബ്ധവും തങ്ങളുടെ പഠനവും സുഗമമായി മുന്നോട്ടു കൊണ്ടുപോകുന്നതിനാണ് ഈ സാഹസികജോലിക്ക് തയ്യാറായത്**

ഒരു തെങ്ങിൽ കയറിയാൽ 15 രൂപ ലഭിക്കും. തെങ്ങ് ഒരുക്കുകയും ചെയ്താൽ 25 രൂപ വരെ ലഭിക്കാറുണ്ട്. ദിവസവും 30 മുതൽ 50 വരെ തെങ്ങിൽ കയറും. ബിജിതക്ക് കോളേജിൽ പോകേണ്ട ദിവസങ്ങളിൽ രാവിലെ ആറുമുതൽ എട്ടുവരെയും വൈകിട്ട് അഞ്ചുമുതൽ ആറുവരെയും തേങ്ങ പറിക്കാൻ പോകും. മറ്റു ദിവസങ്ങളിൽ രാവിലെ എട്ടുമുതൽ ഉച്ച കഴിയുവോളം ജോലിക്ക് പോകും. പിന്നീട് കുടുംബശ്രീ മീറ്റിങ്ങും മറ്റുമായി സാമൂഹ്യപ്രവർത്തനങ്ങൾക്കും സമയം കണ്ടെത്തുന്നുണ്ട്.

മിമിക്രി, ചെണ്ടമേളം എന്നിവയിൽ മിന്നുന്ന പ്രകടനം കാഴ്ചവച്ച് കോളേജ് മേളയിൽ തിളങ്ങിനിൽക്കുന്ന താരം കൂടിയാണ് ബിജിത. കണ്ണൂർ സർവകലാശാല കലോത്സവത്തിൽ നാടൻപാട്ടിൽ ഒന്നാംസ്ഥാനവും നേടിയിട്ടുണ്ട്. തേങ്ങപറിക്കാനില്ലാത്ത ദിവസങ്ങളിൽ ടൈപ്പ്റൈറ്റിങ്ങിനും ബിജിത സമയം കണ്ടെത്തുന്നു. കുടുംബപ്രാരാബ്ധം മൂലം പാതിവഴിയിൽ അവസാനിപ്പിച്ച പഠനം പുനരാരംഭിക്കാനുള്ള ഒരുക്കത്തിലാണ് ബബിത. ഗ്ലാസ് പെയിന്റിങ്ങിലും തന്റെ കഴിവു തെളിയിച്ചിട്ടുണ്ട്.